സ്പോർട്സ് കൗൺസിലിൽ നിന്നുള്ള ധനസഹായത്തിനായി ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖകൾ, ചെയ്യാനുദ്ദേശിക്കുന്ന പണിയുടെ എസ്റ്റിമേറ്റ് എന്നിവ സഹിതം കൗൺസിലിൽ അപേക്ഷിക്കേണ്ടതാണ്.

കടൽ തീരത്ത് കല്ലടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം

108 [290] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ വേളി പൊഴിയോടനുബന്ധിച്ച് 500 മീറ്റർ നീളത്തിൽ കല്ലടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം ഇതുവരെയും പ്രാവർത്തികമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രദേശവാസികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വേളി പൊഴിയുടെ വടക്കുവശത്ത് 500 മീറ്റർ നീളത്തിൽ കല്ലടുക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ഫണ്ടിന്റെ അപര്യാപ്തതയാണ് കാരണം.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾ പരിഹരിക്കാൻ നടപടി

109 [291] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തവും അടിക്കടി ഉണ്ടാകുന്ന കടൽക്ഷോഭവുംമൂലം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത എഴുതിത്തള്ളുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly